**"ഭരണഭാഷ– മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് – മത്സ്യഫെഡിനു കീഴീലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം നൽകുന്നതിലേയ്ക്കായി അനുവദിച്ച തുക പിൻവലിച്ചത് – തിരികെ നൽകി – ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.45/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 22/01/2019

---

പരാമർശം:– 1 28.09.2017 ലെ സ.ഉ(സാധാ) നം.751/2017/മതുവ നമ്പർ സർക്കാർ ഉത്തരവ്.

2 ഫിഷറീസ് ഡയറക്ടറുടെ 16.11.2018 ലെ എൻ3/5503/18 നം. കത്ത്.

**ഉത്തരവ്**

മത്സ്യഫെഡിനു കീഴീലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത കടാശ്വാസ കമ്മീഷന്റെ IX-ാം ലിസ്റ്റ് പ്രകാരം കടാശ്വാസത്തിന് അർഹതയുള്ള 5 ഗുണഭോക്താക്കൾക്ക് 94,660/- രൂപ '2405-00-800-21-34OC(NP)' ശീർഷകത്തിൽ നിന്നും മത്സ്യഫെഡിന് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ മത്സ്യഫെഡിന്റെ അക്കൗണ്ടിൽ നിന്നും 16.01.2018-ൽ 47,330/- രൂപയും 21.03.2018-ൽ 47,330/- രൂപയും സർക്കാരിലേയ്ക്ക് പിൻവലിച്ചിട്ടുണ്ടെന്നും ടി തുക തിരികെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കടാശ്വാസ കമ്മീഷന്റെ IX-ാം ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യഫെഡിൽ നിന്നും വായ്പ എടുത്ത 5 ഗുണഭോക്താക്കൾക്ക് കടാശ്വാസം നൽകുന്നതിലേക്കായി മത്സ്യഫെഡിന്റെ STSB യിൽ നിന്നും സമർക്കാരിലേയ്ക്ക് പിൻവലിച്ച 94,660/- രൂപ (തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി അറുപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ മത്സ്യത്തൊഴിലാളി കടാശ്വാസത്തിന്റെ ശീർഷകമായ 2405-00-800-21-34OC(NP) എന്ന ശീർഷകത്തിൽ നിന്നും മത്സ്യഫെഡിന് റിലീസ് ചെയ്ത് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ